പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1647** **05.12.14 ലെ മറുപടിയ്ക്ക്**

## ആലപ്പുഴ ജില്ലയിലെ കൃഷിനാശം

| ചോദ്യം<br>ശ്രീ. ആർ.രാജേഷ് | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാലവർഷവും വരൾച്ചയും മൂലം ആലപ്പുഴ ജില്ലയിൽ സംഭവിച്ച കൃഷിനാശത്തിന്റെ കണക്ക് ലഭ്യമാക്കുമോ; | (എ) പ്രാഥമിക കണക്കുകൾ പ്രകാരം ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലയിൽ 2014-ലെ കാലവർഷത്തിൽ 53.69 കോടി രൂപയുടെയും വരൾച്ചയിൽ 15.73 കോടി രൂപയുടെയും നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. |
| ബി) കൃഷിനാശം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നല്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(സി) നഷ്ടപരിഹാരമായി നല്കേണ്ട തുക നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ;<br>(ഡി) അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>(ഇ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കർഷകർക്ക് വിതരണം ചെയ്യാനുള്ള തുക എത്ര; പ്രസ്തുത തുക അടിയന്തിരമായി വിതരണം ചെയ്യുമോ; കുടിശ്ശികതുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി), (സി), (ഡി) & (ഇ) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പിന്റെ 11.06.12 ലെ ജി.ഒ.(എംഎസ്.) നം.239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ധനസഹായം നല്കിവന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ധനസഹായം നല്കുന്നത്. കേന്ദ്രസർക്കാർ എസ്ഡിആർഎഫ് മാനദണ്ഡം പരിഷ്കരിച്ച തിന്റെ അടിസ്ഥാനത്തിൽ 16.01.12 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12.09.12 ലെ ജി.ഒ.(എംഎസ്.) നം.343/2012/ഡിഎംഡി ഉത്തരവി—ന്റെ പരിധിയിൽ നിന്ന് 11.06.12 ലെ ജി.ഒ.(എംഎസ്.) നം.239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ എസ്ഡിആർഎഫ് മാനദണ്ഡം വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1.03.13 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 25.10.13 ലെ ജി.ഒ.(എംഎസ്.) നം.470/2013/ ഡിഎംഡി ഉത്തരവിൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തുകയിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ